**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1817** **04-02-2026 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവ്വകലാശാലാ പരീക്ഷയിലെ ചോദ്യപേപ്പർ ചോർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാലയിലെ ആർക്കിടെക്ചർ ആന്റ് പ്രോഗ്രാമിംഗ് എന്ന കോഴ്സിന്റെ 11.06.2025 തീയതിയിൽ നടന്ന നാലാം സെമസ്റ്റർ ബിരുദ പരീക്ഷ (എ 14 – മൈക്രോപ്രോസസേഴ്സ്) റദ്ദാക്കേണ്ടി വന്നതിന്റെ കാരണം വിശദമാക്കാമോ ; | (എ) | കാലിക്കറ്റ് സർവ്വകലാശാലയിലെ Architecture and Programming കോഴ്സിന്റെ നാലാം സെമസ്റ്റർ യു.ജി. (ഏപ്രിൽ 2025) പരീക്ഷയിൽ, 11.06.2025-ന് ഉച്ചക്ക് ശേഷം 01:30 pm-ന് നടത്തേണ്ടിയിരുന്ന A14 – Microprocessors: Architecture and Programming (Q.P. Code: D120519) എന്ന വിഷയത്തിന്റെ പരീക്ഷ, പരീക്ഷ ആരംഭിക്കുന്നതിന് മുൻപായി പ്രസ്തുത ചോദ്യപേപ്പർ വാട്സ്ആപ്പ് ഗ്രൂപ്പിൽ പ്രചരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടതിനാലാണ് റദ്ദാക്കേണ്ടി വന്നത്. |
| (ബി) | സർവ്വകലാശാലയിൽ നിന്നും ഓൺലൈനായി ലഭ്യമാക്കിയ പ്രസ്തുത പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നിട്ടുണ്ടോ; ഏത് കോളേജിലെ അധ്യാപകരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയുടെ ഭാഗമായിട്ടാണ് ചോദ്യപേപ്പർ ചോർന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സർവകലാശാലയിൽ നിന്ന് നിലവിലുള്ള ഉത്തരവുകൾ പ്രകാരം കൃത്യസമയത്തു ഓൺലൈനായി കോളേജുകൾക്ക് ലഭ്യമാക്കിയ പ്രസ്തുത പരീക്ഷയുടെ ചോദ്യപേപ്പർ കൈകാര്യം ചെയ്യുന്നതിൽ സ്റ്റെല്ലാ മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി, പൊയ്യ, തൃശ്ശൂർ എന്ന സ്ഥാപനത്തിനാണ് വീഴ്ചയുണ്ടായത്. |
| (സി) | പരീക്ഷ ആരംഭിക്കുന്നതിന് മുൻപ് പ്രസ്തുത പരീക്ഷയുടെ ചോദ്യപേപ്പർ വാട്സ്ആപ് ഗ്രൂപ്പ് വഴി പ്രചരിപ്പിച്ചവർക്കെതിരെ സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ; | (സി) | സംഭവത്തെ തുടർന്ന് പ്രസ്തുത പരീക്ഷ റദ്ദാക്കുകയും അതുസംബന്ധിച്ച ഉത്തരവുകൾ സർവകലാശാല പുറപ്പെടുവിക്കുകയും പുനഃപരീക്ഷ നടത്തുകയും ചെയ്തു. പുല്ലൂട്ട് കെ.കെ.ടി.എം. ഗവൺമെന്റ് കോളേജിലെ പ്രൊഫ. (ഡോ.) ഷാജി ഇ.എം. എന്ന അധ്യാപകനെ 12.06.2025-ന് കോളേജിൽ പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ പരിശോധനാ റിപ്പോർട്ടും കോളേജ് പ്രിൻസിപ്പലിന്റെ വിശദീകരണവും സർവകലാശാലയുടെ 16.06.2025-ന് ചേർന്ന പരീക്ഷാ സ്ഥിരം സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ആയതു പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തു :<br><br>a. സ്റ്റെല്ലാ മാരിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് & ടെക്നോളജി, പൊയ്യ എന്ന സ്ഥാപനത്തിലെ പരീക്ഷ |

| | | | |
|---|---|---|---|
| | | | സെന്ററും ചീഫ് സുപ്രണ്ടിനെയും സസ്‌പെൻഡ് ചെയ്തു.<br><br>b. വിഷയം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരീക്ഷ സ്ഥിരം സമിതി അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സബ് കമ്മറ്റി രൂപീകരിച്ചു.<br><br>c. പരീക്ഷാകാര്യ സ്ഥിരം സമിതിയുടെ ശിപാർശ പ്രകാരം ബന്ധപ്പെട്ട രേഖകൾ സഹിതം പോലീസ് സൈബർ ഡോമിൽ പരാതി സമർപ്പിച്ചു.<br><br>പ്രസ്തുത സബ്കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ട് തുടർനടപടികൾക്കായി സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് 21.11.2025 ന് ചേർന്ന പരീക്ഷാ സ്ഥിരം സമിതി തീരുമാനിച്ചു. നിലവിൽ വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.<br><br>ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ഡി) | പ്രസ്തുത വിഷയം പരിഗണിച്ച സിൻഡിക്കേറ്റിന്റെ പരീക്ഷാകാര്യ സ്ഥിരം സമിതിയുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ്, പരീക്ഷാകാര്യ സ്ഥിരം സമിതിയുടെ യോഗത്തിലെ തീരുമാനങ്ങളടങ്ങിയ മിനട്സിന്റെ പകർപ്പ് എന്നിവയും ലഭ്യമാക്കാമോ; | (ഡി) | (സി)-യിൽ നൽകിയിരിക്കുന്നു. |
| (ഇ) | പ്രസ്തുത വിഷയത്തിൽ കുറ്റക്കാരായ അധ്യാപകർക്കെതിരെ സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത വിഷയത്തിൽ സർവ്വകലാശാല പോലീസിൽ പരാതി സമർപ്പിച്ചിട്ടുണ്ടോ; പരാതിയിലെ തുടർനടപടികൾ വിശദമാക്കാമോ?റ? | (ഇ) | (സി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

File Ref.No.111815/CE-ASST-3/2025/PB

**UNIVERSITY OF CALICUT**

**Abstract**

Pareeksha Bhavan - Fourth Semester UG Examination (April 2025) – Paper 'A14 – Microprocessors: Architecture and Programming' conducted on 11.06.2025 – Cancellation and sanction for re-examination – Orders issued.

---

**CE-OFFICE**

U.O.No. 1522/2025/PB Dated, Calicut University.P.O, 19.06.2025

---

*Read:*-1. Complaint received from the Examination Vigilance Squad on 11.06.2025.
2. Orders of the Vice Chancellor dated 16.06.2025 in the file of even number.

**ORDER**

As per the paper read as (1), a complaint was received from the members of the Examination Vigilance Squad alleging that the question paper titled common course '**A14 – Microprocessors: Architecture and Programming'**, of the Fourth Semester UG Examination (April 2025), conducted on 11.06.2025, was circulated via a WhatsApp group by a faculty member of Stella Mary's College, Poyya, prior to the commencement of the examination.

A detailed report in this regard was submitted to the Vice Chancellor for consideration based on the explanation from . After examining the matter in detail, the Vice Chancellor, as per reference (2), has accorded sanction to:

1. **Cancel the Fourth Semester UG (April 2025) regular examination** in the paper **'A14 – Microprocessors: Architecture and Programming' held on 11.06.2025**.
2. **Conduct a re-examination** in the said paper with a fresh question paper.

This order is issued accordingly.

Jayakumar R.K

PA to CE

To

1. Branch Heads, Pareeksha Bhavan.
2. EG-1 Section.

Copy to : PS to VC/ CE's Confidential Section/ SF/ FC

Forwarded / By Order

Section Officer

File Ref.No.111815/CE-ASST-3/2025/PB

**UNIVERSITY OF CALICUT**

**Abstract**

Pareeksha Bhavan – Fourth Semester UG (April 2025) – Paper 'A14 – Microprocessors: Architecture and Programming' (Q.P. Code: D 120519) – Cancellation of Examination held on 11.06.2025 – Implementation of the Decisions of the Standing Committee on Examinations – Vice-Chancellor Approved – Orders issued.

---

**CE-OFFICE**

U.O.No. 2185/2025/PB Dated, Calicut University.P.O, 20.08.2025

---

*Read:*-1.University Orders No. 1522/2025/PB dated 18.06.2025 and 1527/2025/PB dated 19.06.2025.
2.Minutes of the Standing Committee on Examinations held on 16.06.2025 (AOD/2024/06/01).
3.Orders of the Vice-Chancellor on file of even number dated 06.08.2025.

**ORDER**

As per paper read as (1), the examination for the paper 'A14 – Microprocessors: Architecture and Programming' (Q.P. Code: D 120519), conducted on 11.06.2025 for the Fourth Semester UG (April 2025) Regular Examination was cancelled based on the complaint received from the Examination Vigilance Squad (2025–26) and also based on the subsequent report submitted by the Principal, Stella Mary's College, Poyya.

As per paper read as (2), the Standing Committee on Examinations, at its meeting held on 16.06.2025 (vide AOD/2024/06/01), considered the matter and resolved to:

- Suspend the Examination Centre and the Chief Superintendent of University Examinations at Stella Maris Institute of Management & Technology, Poyya, with immediate effect, pending enquiry.
- Constitute a Commission of Enquiry comprising the following Syndicate Members:
  - **Dr. Vasumathi T** (Convenor)
  - **Dr. Kavumbayi Balakrishnan**
  - **Prof. (Dr.) Pradyumnan P.P**
  - **Adv. L.G. Lijeesh**
  - **Dr. Pradeepkumar K**
- Lodge a complaint with the Police Cyberdome regarding the incident.

The Vice-Chancellor, as per paper (3), has approved to implement the above decisions of the Standing Committee on Examinations.

Orders are issued accordingly.

Dr.Sunoj Kumar P

Controller Of Examinations

To

1. Branch Heads, Pareeksha Bhavan.
2. EG-1 Section.

Copy to : PS to VC/ CE's Confidential Section/ SF/ FC

Forwarded / By Order

Section Officer

**കാലിക്കറ്റ് സർവകലാശാല**
**CE-OFFICE**

നമ്പർ. 111815/CE-ASST-3/2025/PB

കാലിക്കറ്റ് യൂണിവേഴ്സിറ്റി പി. ഒ.
തീയതി: 22.10.2025

പ്രേഷകൻ/പ്രേഷക

രജിസ്ട്രാർ

സ്വീകർത്താവ്

സ്റ്റേഷൻ ഹൗസ് ഓഫീസർ,
മാള പോലീസ് സ്റ്റേഷൻ, പി.ഒ.
മാള, തൃശ്ശൂർ ജില്ല. 680732

സർ,

വിഷയം:- കാലിക്കറ്റ് സർവകലാശാല - നാലാം സെമസ്റ്റർ യു.ജി. (ഏപ്രിൽ 2025) പരീക്ഷയുടെ - ചോദ്യപേപ്പർ - സ്റ്റെല്ല മേരിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി പൊയ്യ കോളേജിലെ അധ്യാപകൻ - വാട്സ്ആപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തതിനെ തുടർന്ന് പരീക്ഷ റദ്ദാക്കിയ വിഷയത്തിൽ അന്വേഷണം നടത്തുന്നതു സംബന്ധിച്ച്:-

സൂചന:- 1. സർവ്വകലാശാല ഉത്തരവ് No. 1522/2025/PB dated 18.06.2025 and 1527/2025/PB dated. 19.06.2025

2. 16.06.2025. ന ചേർന്ന പരീക്ഷാ സ്ഥിരം സമിതിയുടെ മിനുട്സ് .(AOD/2024/06/01) .

കാലിക്കറ്റ് സർവകലാശാലയുടെ നാലാം സെമസ്റ്റർ യു.ജി. (ഏപ്രിൽ 2025) പരീക്ഷ 10.06.2025 മുതൽ ആരംഭിച്ചിരുന്നു. അതിൽ 11.06.2025-ന് നടന്ന A14 - MICROPROCESSORS: ARCHITECTURE AND PROGRAMMING (Q.P. Code: D 120519) എന്ന വിഷയത്തിന്റെ ചോദ്യപേപ്പർ, **സ്റ്റെല്ലാ മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി, പൊയ്യയിലെ** ഒരു അധ്യാപിക പരീക്ഷ ആരംഭിക്കുന്നതിനു മുൻപായി 'Academic Coordinators of CUFYUGP' എന്ന വാട്സ്ആപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുകയുണ്ടായി. പ്രസ്തുത വിവരം സർവകലാശാല പരീക്ഷാ വിജിലൻസ് സ്ക്വാഡ് അംഗങ്ങളുടെ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെയാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്.

പ്രസ്തുത വിവരം ലഭിച്ചതിനെ തുടർന്ന്, ജില്ലാതലത്തിൽ സർവകലാശാല രൂപീകരിച്ചിട്ടുള്ള പരീക്ഷാ വിജിലൻസ് സ്ക്വാഡ് അംഗങ്ങൾക്ക് അന്നേ ദിവസം കോളേജിൽ എത്തിച്ചേരാൻ സാധിക്കാത്തതിനാൽ, കോളേജിനോട് അടുത്തുള്ള പുല്ലൂറ്റ് **കെ. കെ.ടി.എം. ഗവൺമെന്റ് കോളേജിലെ** പ്രൊഫ. (ഡോ.) ഷാജി ഇ.എം. എന്ന അധ്യാപകനെ 12.06.2025-ന് സ്റ്റെല്ലാ മേരീസ് കോളേജിൽ പരിശോധനയ്ക്കായി ചുമതലപ്പെടുത്തി.

അദ്ദേഹത്തിന്റെ റിപ്പോർട്ടും കോളേജ് പ്രിൻസിപ്പലിന്റെ വിശദീകരണവും സഹിതം വിഷയം സിൻഡിക്കേറ്റിന്റെ പരീക്ഷാ സ്ഥിരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

മേൽസൂചന (2) പ്രകാരം, പരീക്ഷാ സ്ഥിരം സമിതി ഇക്കാര്യം വിശദമായി പരിഗണിക്കുകയും സംഭവവുമായി ബന്ധപ്പെട്ട് **പോലീസ് സൈബർഡോമിൽ** പരാതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

പരീക്ഷാ സ്ഥിരം സമിതിയുടെ ഈ തീരുമാനത്തിന് **വൈസ് ചാൻസലർ അംഗീകാരം** നൽകിയിരിക്കുന്നതിനാൽ, പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട രേഖകൾ സഹിതം പരാതി സമർപ്പിക്കുന്നു. വിഷയത്തിൽ ആവശ്യമായ **സൈബർ അന്വേഷണം** നടത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ

Dr. Denoj Sebastian
രജിസ്ട്രാർ

## PART II - MINUTES OF THE MEETING OF THE STANDING COMMITTEE OF THE SYNDICATE ON EXAMINATIONS HELD AT 10.30 AM ON 21.11.2025 AT CONFERENCE HALL, PAREEKSHA BHAVAN, UNIVERSITY OF CALICUT

**Approval date of SC minutes by the Vice Chancellor: 26.12.2025**

**Members Present:**

| | |
|---|---|
| ***1. Dr. Vasumathi T - Member, Syndicate (Convenor)*** | ***Sd/-*** |
| ***2. Prof. (Dr.) Pradyumnan P P - Member, Syndicate*** | ***Sd/-*** |
| ***3. Sri. Susanth P - Member, Syndicate*** | ***Sd/-*** |
| ***4. Dr. Pradeepkumar K- Member, Syndicate*** | ***Sd/-*** |
| ***5. Prof. (Dr.) Mohamed Haneefa K - Member, Syndicate*** | ***Sd/-*** |
| ***6. Dr. Kavumbayi Balakrishnan - Member, Syndicate*** | ***Sd/-*** |
| ***7. Adv. L.G. Lijeesh - Member, Syndicate*** | ***Sd/-*** |
| ***8. Sri. E.Abdurahim - Member,Syndicate*** | ***Sd/-*** |

**==================================================================**

**Item No 2025/13/01**

Considered recommendations of the Sub Committee (constituted vide University Order No.2942/2025/PB dated 14.10.2024) to study the matter of increasing the fine amount in SMP established cases / punishments to be imposed in cases of impersonation.

- ***Item deferred.***

**(No. 73182/EG-I-ASST-1/2016/PB dated 13.11.2025)**

**==================================================================**

**Item No 2025/13/02**

JERIN REJI (Reg No : CSAWAHIR37) എന്ന വിദ്യാർത്ഥിയുടെ രണ്ടാം സെമസ്റ്റർ ബി എ ഏപ്രിൽ 2023 പരീക്ഷയിലെ EC01(2)C01 INTRODUCTORY ECONOMICS-I എന്ന വിഷയത്തിന്റെ പുനർ മൂല്യനിർണയത്തിനുള്ള രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തത് പരീക്ഷാകാര്യ സ്ഥിരം സമിതിയുടെ ratification നായി സമർപ്പിക്കുന്നത് സംബന്ധിച്ച അപേക്ഷ പരീക്ഷാ കാര്യ സ്ഥിരം സമിതി പരിഗണിച്ചു.

- ***Resolved to ratify the action of the Controller of Examinations.***

**(No.172799/EA-XI-ASST-II/2025/PB dated 24.10.2025)**

**==================================================================**

**Item No 2025/13/03**

Considered the request from the Principal, EMEA College of Arts & Science, Kondotty, to waive the fine of Rs. 10,000/- imposed for the error occurred while completing the final submission of V Semester registration of CBCSS-UG examination, November 2025 for 63 students of BA English Language & Literature Programme.

- ***Resolved to place the matter before the Permanent Hearing Committee to hear the Principal, EMEA College, Kondotty.***
- ***Section will communicate the matter to the Principal, EMEA College, Kondotty in this regard. The date and time of the hearing will be intimated by the CE's Office in consultation with the Convenor, SC on Examinations.***

**(No. 49553/EA-X-ASST-III/2022/PB dated 25.10.2025)**

**==================================================================**

**Item No 2025/13/40**

Considered the request of Anshida K A (Reg. No. WMANBCM003), a B.Com (CCSS-UG, 2013 admission) student from W.M.O. Arts and Science College, Muttil, has exhausted all chances to appear for examinations. She had completed all theory papers by April 2016, but could not attend the Viva Voce due to pregnancy-related depression, though her Project Report had been submitted. The examination software shows she has secured 3.75 grade points for the internal evaluation of Project Work. She has now requested that the University conduct a Viva Voce after nine years.

- ***Resolved to place the matter before the Permanent Hearing Committee to hear the candidate.***
- ***Section will communicate the matter to the candidate in this regard. The date and time of the hearing will be intimated by the CE's Office in consultation with the Convenor, SC on Examinations.***

**(No. 143955/EC-I-ASST-I/2021/PB dated 17.11.2025)**

**================================================================**

**Item No 2025/13/41**

ആറാം സെമസ്റ്റർ ബി.എസ്.സി. കെമിസ്ട്രി (സി.ബി.സി.എസ്.എസ്. - യു.ജി.) റെഗുലർ പരീക്ഷ ഏപ്രിൽ 2025 ൽ CHE6B11- Physical Chemistry III (QP Code - D 120095) എന്ന വിഷയത്തിന് ശ്രീമതി. രാജലക്ഷ്മി എം. (Reg No : CHAWSCH018) എന്ന വിദ്യാർത്ഥിനി പരീക്ഷാ ക്രമക്കേട് നടത്തിയതായുള്ള ആരോപണം നിഷേധിച്ച സാഹചര്യത്തിൽ പരീക്ഷാകാര്യ സ്ഥിരം അന്വേഷണ സമിതിയുടെ ശിപാർശ പരീക്ഷകാര്യ സ്ഥിരം സമിതി പരിഗണിച്ചു.

- ***Resolved to accept the Enquiry Report dated 31.10.2025 that recommends to treat the case as malpractice and to proceed as per rules.***

**(No. 78988/ES-XVI-ASST-2/2025/PB dated 12.11.2025)**

**================================================================**

**Item No 2025/13/42**

കുന്ദമംഗലം മർക്കസ് കോളേജ് ഓഫ് ആർട് സ് ആൻഡ് സയൻസിലെ അഞ്ചാം സെമസ്റ്റർ ബി. ബി. എ (2022 പ്രവേശനവർഷം) വിദ്യാർത്ഥികളുടെ എ.പി.സി സമർപ്പിക്കുന്നതിൽ വരുത്തിയ വീഴ് ച്ചക്ക് ടി കോളേജിൽ നിന്നും ഈടാക്കേണ്ട പിഴ സംബന്ധിച്ച വിഷയം പരീക്ഷാകാര്യ സ്ഥിരം സമിതി പരിഗണിച്ചു.

- ***Resolved to accept the Enquiry Report dated 23.04.2025 and to declare the V Semester examinations taken by the candidates as null and void. The registration of the candidates for the V Semester shall be treated as provisional, and they shall be deemed to have been promoted to the VI Semester in accordance with the rules governing provisional registration. The candidates shall be permitted to appear for the V Semester examination as a supplementary examination in the next session.***
- ***Further resolved to issue a strong warning to the Principal, Markaz College of Arts & Science, Kunnamangalam, for the lapse in submitting the APC, and to impose a fine of ₹5,000/- (Rupees Five Thousand only) on the college for the said lapse.***

**(No. 16564/EC-VI-ASST-1/2025/PB dated 17.11.2025)**

**================================================================**

**<u>Arising out of discussion the Committee decided the following:</u>**

**AOD/2025/13/02:** Resolved to place before the Syndicate, the Enquiry Report prepared in connection with the leakage of the question paper (QP Code: D120519 – A14: *Microprocessors: Architecture and Programming*), which was shared in an official WhatsApp group by a teacher of Stella Maris Institute of Management and Technology, Poyya, Thrissur, for further action.

**(Action: CE's Office)**

==================================================================

**AOD/2025/13/03:** Resolved to recommend to the Syndicate that CLR peons for assisting the Chairman need not be appointed on the day preceding the camp or on the day following the closure of the CV camp for bar-code-based examinations, as such camps do not require the Chairman to undertake any pre- or post-camp arrangements, and that such appointments would be contrary to the existing restriction on appointing CLR peons when the number of teachers is five or fewer. **(Action: ECQ)**

==================================================================

**AOD/2025/13/04:** Resolved to place a proposal before the Syndicate to deploy programmers engaged in examination-related programming to the offices of the Pareeksha Bhavan, under the existing official hierarchy of the Calicut University Computer Centre (CUCC), so as to ensure better accessibility for addressing student-related issues.

**(Action: CE's Office)**

==================================================================

| | |
|---|---|
| **Sd/-** | **Sd/-** |
| **Controller of Examinations** | **Vice Chancellor** |

**Part I - MINUTES <u>OF THE MEETING OF THE STANDING COMMITTEE OF THE SYNDICATE ON EXAMINATIONS HELD AT 10.30 AM ON 16/06/2025 AT CONFERENCE HALL, PAREEKSHA BHAVAN, UNIVERSITY OF CALICUT</u>**

**Approval date of SC minutes by the Vice Chancellor: 07/07/2025**

**<u>Members Present:</u>**

| | | |
|---|---|---|
| 1 | ***Dr. Vasumathi T (Convenor) - Member, Syndicate*** | ***: Sd/-*** |
| 2 | ***Dr. Kavumbayi Balakrishnan - Member, Syndicate*** | ***: Sd/-*** |
| 3 | ***Prof. (Dr.) Pradyumnan P P - Member, Syndicate*** | ***: Sd/-*** |
| 4 | ***Adv. L. G. Lijeesh - Member, Syndicate*** | ***: Sd/-*** |
| 5 | ***Sri. Susanth P - Member, Syndicate*** | ***: Sd/-*** |
| 6 | ***Dr. Pradeepkumar K - Member, Syndicate*** | ***: Sd/-*** |
| 7 | ***Sri. E Abdurahim - Member, Syndicate*** | ***: Sd/-*** |

==================================================================

**Item No 2025/07/01**

<u>സർവകലാശാല പരീക്ഷകളുടെ പുനർമൂല്യനിർണയ പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള സമയക്രമം പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച് പഠിക്കുന്നതിനായി സിണ്ടിക്കേറ്റ് നിയോഗിച്ച ഉപസമിതിയുടെ ശുപാർശകൾ പരിഗണിച്ചു.</u>

- ***സർവകലാശാല പരീക്ഷകളുടെ പുനർമൂല്യനിർണയ പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള സമയക്രമം പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച് പഠിക്കുന്നതിനായി 22 .05 2025 തീയതിയിൽ 1265/2025/PB നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം രൂപീകരിച്ച ഉപസമിതിയുടെ 27.05.2025 തീയതിയിലെ യോഗ തീരുമാനങ്ങൾ അംഗീകരിച്ചു.***

**(No.210801/RV-MONITORING-I-ASST-2/2024/PB dated 03.06.2025)**

==================================================================

**Item No 2025/07/02**

<u>Considered the matter of framing rules and regulations for conducting One Time Regular Supplementary Examinations and the matter of extending the benefit of moderation to candidates who were not granted moderation during their regular period of study as per the resolution vide Item No.I(3) dated 04.02.2025 of the minutes of the LXXXIX meeting of the Academic Council, implemented vide U.O No.877/2025/PB dated 26.03.2025.</u>

- ***Resolved to accept the proposed 'Rules and Regulations Governing the Conduct of One Time Regular Supplementary Examinations' and to recommend that the same be placed before the Academic Council for approval, subject to the decision of the Standing Committee on extending the benefit of moderation to candidates who were not granted moderation during their regular period of study.***
- ***Also resolved to refer the matter of extending the benefit of moderation to candidates who were not granted moderation during their regular period of study to a Sub***

==================================================================

**Item No 2025/07/58**

Considered the matter whether moderation scheme in respect of a particular Regular/Supplementary Examination session is applicable to the Special Examinations conducted in that particular session also and accordingly finalising the result of the Special Examination conducted for the Paper PSY1C05&PSY2C05 - Psychological Processes Paper I and Psychological Processes Paper II in Second Semester April 2021 Session in respect of the candidate RAFNA M T (Reg. No. MBARBSW011).

- ***Resolved to apply the same moderation marks awarded by the Pass Board for the corresponding regular session examinations to the special examinations as well.***

**(No.153321/EA-XV-ASST-I/2023/PB dated 08.06.2025)**

==================================================================

**Item No 2025/07/62**

2021 അഡ്മിഷൻ ഇന്റഗ്രേറ്റഡ് എം.എസ്.സി കെമിസ്ട്രി (CCSS) മൂന്നാം സെമസ്റ്ററിലെ Electricity and Magnetism (IPHY3C03) പേപ്പറിന്റെ സ്പെഷ്യൽ പരീക്ഷ (സപ്ലിമെന്ററി) നമൃത് എം ആർ (Reg.No. 98AVICH013) & റെമിൻ ജൂഡ് മാർട്ടിൻ (Reg.No. 98AVICH006) എന്നീ വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തുവാൻ ഡിപ്പാർട്ട്മെന്റിന് അനുവാദം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണിച്ചു.

- ***Resolved to conduct special examination for the candidates.***
- ***Resolved to place the matter before the permanent Hearing Committee to hear the HoD, Department of Chemistry in this regard.***

***The Section will communicate the matter to the HoD, Department of Chemistry. The date and time of the hearing will be informed by the CE's Office in consultation with the Convenor of the Standing Committee on Examinations.***

**(No.94313/INTEGRATED-PG-ASST-1/2025/PB dated 12.06.2025)**

==================================================================

**Arising out of discussion the Committee decided to conduct the following meeting:**

**AOD/2024/06/01:** Resolved to 1) Suspend the Examination Centre and the Chief Superintendent of University Examinations of Stella Maris Institute of Management & Technology, Poyya immediately pending enquiry. 2) Constitute a Commission with Syndicate members Dr. Vasumathi. T (Convenor), Dr. Kavumbayi Balakrishnan, Prof. (Dr.) Pradyumnan P.P, Adv. L.G. Lijeesh and Dr. Pradeepkumar. K as members and 3) Lodge a complaint in the Police Cyberdome in this regard. (**Action: CE's Office**)

==================================================================

***The following item of SC meeting as per the orders of the Vice Chancellor dated 07.07.2025 is to be placed before the Syndicate:***

# സ്റ്റെല്ലാ മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, പൊയ്യ: അന്വേഷണറിപ്പോർട്ട്

കാലിക്കറ്റ് സർവകലാശാലയുടെ നാലാംസെമസ്റ്റർ യുജി (ഏപ്രിൽ 2025) പരീക്ഷ 10.06.2025 മുതൽ ആരംഭിച്ചിരുന്നു. അതിൽ 11.06.2025ന് നടന്ന A14 - Microprocessor: Architecture and processing (QP Code: D120519) എന്ന വിഷയത്തിന്റെ ചോദ്യക്കടലാസ് സ്റ്റെല്ലാ മേരീസ് ഇൻസ്റ്റിറ്റ്യൂട്ട ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, പൊയ്യയിലെ ഒരു അധ്യാപിക പരീക്ഷ ആരംഭിക്കുന്നതിന് രണ്ടുമണിക്കൂർ മുമ്പ് Academic Co-ordinators of CUFYUGP എന്ന വാട്സാപ് ഗ്രൂപ്പിൽ പോസ്റ്റുചെയ്യുകയുണ്ടായി. പ്രസ്തുതവിവരം സർവകലാശാല പരീക്ഷാ വിജിലൻസ് സ്ക്വാഡ് സർവകലാശാലയ്ക്ക് റിപ്പോർട്ട് ചെയ്തു. ഇക്കാര്യം 13.06.2025ന് കോളേജിലെ പ്രിൻസിപ്പാൾ ഇൻ ചാർജ് രേഖാമൂലം അറിയിച്ചു. തുടർന്ന് പ്രസ്തുത പരീക്ഷ സർവകലാശാല കാൻസൽ ചെയ്തു.

16.06.2025ന് ചേർന്ന പരീക്ഷാസ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും താഴെ പറയുന്ന നിർദേശങ്ങൾ അംഗീകരിക്കുകയും ചെയ്തു.

1. സ്റ്റെല്ലാ മേരീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ പരീക്ഷാകേന്ദ്രം ഉടനെ സസ്പെൻഡ് ചെയ്യണം. അവിടത്തെ സർവകലാശാലാപരീക്ഷകളുടെ ചീഫ് സുപ്രണ്ടിനെ അന്വേഷണവിധേയമായി അടിയന്തിരമായി സസ്പെൻഡ് ചെയ്യണം.
2. ഡോ. ടി.വസുമതി കൺവീനറും ഡോ. കാവുമ്പായി ബാലകൃഷ്ണൻ, പ്രൊഫ. (ഡോ.) പ്രദ്യുമ്നൻ പി.പി., അഡ്വ. എൽ.ജി.ലിജീഷ്, ഡോ. പ്രദീപ്കുമാർ കെ. എന്നിവർ അംഗങ്ങളുമായിക്കൊണ്ട് ഒരു അന്വേഷണക്കമ്മീഷൻ രൂപീകരിക്കണം.
3. പോലീസ് സൈബർഡോമിൽ പരാതി നൽകണം.

അന്വേഷണക്കമ്മീഷൻ അംഗങ്ങൾ 28.10.2025ന് പ്രസ്തുത കോളേജ് (പൊയ്യയിലാണ് ഈ സ്ഥാപനത്തിന് അംഗീകാരം ലഭിച്ചിട്ടുള്ളതെങ്കിലും ഇപ്പോൾ കൊടുങ്ങല്ലൂർ കോട്ടപ്പുറത്തുള്ള KIDS ക്യാമ്പസിലാണ് പ്രവർത്തിക്കുന്നത്.) സന്ദർശിക്കുകയും പ്രിൻസിപ്പാൾ ഇൻ ചാർജ് ശ്രീമതി പ്രീതി ഫ്രാൻസിസ്, വൈസ് പ്രിൻസിപ്പാൾ ഇൻ ചാർജ് ശ്രീമതി ജിബി ജോസഫ്, കോളേജ് ഓഫീസ് അഡ്മിനിസ്ട്രേറ്റർ ശ്രീമതി. ജാൻസി ജോൺസൺ എന്നിവരെ പ്രത്യേകം പ്രത്യേകം കേൾക്കുകയും ചെയ്തു. ഇവർ മൂന്നുപേരും അവർക്ക് പറയാനുള്ള കാര്യങ്ങൾ എഴുതിനൽകുകയും ചെയ്തിട്ടുണ്ട്. പരീക്ഷാഹാളിലും സ്ട്രോങ് റൂമിലും സിസിടിവി ക്യാമറ പ്രവർത്തനക്ഷമമായിരുന്നു. സംഭവം നടന്ന ദിവസത്തെ സിസിടിവി ദൃശ്യങ്ങൾ ഞങ്ങൾകാണുകയും അതിന്റെ കോപ്പി വാങ്ങുകയും ചെയ്തു.

ഞങ്ങളുടെ നിരീക്ഷണങ്ങളും നിർദേശങ്ങളും ഇപ്രകാരമാണ്:

1. കോളേജിൽ ഇടയ്ക്കിടെ വൈദ്യുതി തടസ്സപ്പെടാറുണ്ടെന്നും തന്മൂലം question paper down load ചെയ്ത് പ്രിന്റ് എടുക്കുന്നതിന് താമസംവരാറുണ്ടെന്നും അങ്ങനെ വന്നാൽ പരീക്ഷയെ ബാധിക്കാതിരിക്കാനാണ് രണ്ട് മണിക്കൂർ മുമ്പേ question paper down load ചെയ്ത് ഫോട്ടോകോപ്പി എടുക്കുന്നതിന് ശ്രീമതി ജിബി ജോസഫിനെ ഏല്പിച്ചത് എന്നുമുള്ള ശ്രീമതി പ്രീതി ഫ്രാൻസിസിന്റെ വാദം അതേപടി ആവർത്തിക്കുകയാണ് ശ്രീമതി ജിബി ജോസഫ് ചെയ്തത്.
2. ഓഫീസ് അഡ്മിനിസ്ട്രേറ്ററുടെ മൊഴി കൂടുതൽ വിശ്വസനീയമാണ്. question paper down

load ചെയ്ത് പ്രിന്റ് എടുക്കുന്നതിന് എപ്പോഴും പ്രിൻസിപ്പാളിനെ സഹായിക്കാറുണ്ട്. 11.06.2025ന് നടന്ന പരീക്ഷയ്ക്ക് 12 കുട്ടികളാണ് എഴുതിയിരുന്നത്. 12 കോപ്പി പ്രിന്റെടുക്കുകയും ചെയ്തിരുന്നു. വൈദ്യുതി തടസ്സംവന്ന് പരീക്ഷ മുടങ്ങാതിരിക്കാനാണ് 2 മണിക്കൂർ മുമ്പേ question paper down load ചെയ്ത് പ്രിന്റെടുക്കുന്നത്. down load ചെയ്യുന്ന സമയത്ത് അവിടെ റൂമിൽ ആരൊക്കെ വരുന്നു, എന്തൊക്കെ ചെയ്യുന്നുവെന്ന് ശ്രദ്ധിക്കാൻ സാധിക്കാറില്ല. 11.06.2025ന് വൈകുന്നരം ശ്രീമതി ജിബി ജോസഫ് വിളിച്ചുപറഞ്ഞപ്പോഴാണ് താൻ വിവരമറിഞ്ഞത്.

3. സിസിടിവി ദൃശ്യങ്ങൾ രണ്ട് അധ്യാപികമാരുടേയും മൊഴികൾ വസ്തുതാവിരുദ്ധമാണെന്ന് വ്യക്തമാക്കുന്നതാണ്. Question paper down load ചെയ്ത് പ്രിന്റെടുക്കുന്നതിന് വേണ്ട കമ്പ്യൂട്ടറും പ്രിന്ററും ഉള്ള സ്ട്രോങ് റൂമിൽ അന്നേദിവസം ശ്രീമതി പ്രീതി ഫ്രാൻസിസിനും ശ്രീമതി ജാൻസി ജോൺസണും പുറമെ മറ്റൊരധ്യാപിക കൂടി അവിടെ ഉണ്ടായിരുന്നു. ഇത് പരീക്ഷയുടെ വിശ്വാസ്യതയും രഹസ്യസ്വഭാവവും നിലനിർത്തുന്നതിന് സ്ട്രോങ് റൂമിൽ പരീക്ഷാ ചീഫ് സുപ്രണ്ട് മാത്രമേ പാടുള്ളു എന്ന സർവകലാശാലാ നിർദേശത്തിന്റെ ലംഘനമാണ്. Question papers പ്രിന്റ് എടുത്ത് ചീഫ് സുപ്രണ്ട് ഇവരെ ഏല്പിക്കുന്നതും അവർ അത് വായിച്ചുനോക്കുന്നതും പിന്നീട് അതിൽനിന്ന് ഒരു കോപ്പിയെടുത്ത് പുറത്തുപോയി അല്പംകഴിഞ്ഞ് തിരിച്ചുവന്ന് കൈയിലുള്ള കോപ്പി മറ്റു കോപ്പികളുടെ കൂടെ വെക്കുന്നതും ദൃശ്യത്തിൽ കാണാം. അന്ന് മൂന്ന് വിഭാഗങ്ങളിലാണ് അവിടെ പരീക്ഷകൾ നടന്നിരുന്നത്. അതിൽ ഒന്നിന്റെ Question paper ആണ് ഈ വിധത്തിൽ പുറത്തുകൊണ്ടുപോയത്. പുറത്തേക്ക് കൊണ്ടുപോയി എന്തുചെയ്തു എന്നത് വ്യക്തമല്ല എങ്കിലും അത് തീർത്തും നിയമവിരുദ്ധമാണ്. കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിലെ ശ്രീമതി മിറാൻഡ ഡേവീസ് ആണ് ഈ അധ്യാപിക എന്ന് അന്വേഷണത്തിൽനിന്ന് മനസ്സിലായി. ഇവർ ഇപ്പോൾ അവിടെ ജോലിചെയ്യുന്നില്ല.

4. മറ്റൊരുസെറ്റ് ചോദ്യങ്ങൾ down load ചെയ്ത് ആവശ്യത്തിന് കോപ്പികൾ പ്രിന്റെടുത്തതിന് ശേഷം ശ്രീമതി പ്രീതി ഫ്രാൻസിസ് അതിൽനിന്ന് ഒരു കോപ്പിയെടുത്ത് പുറത്തേക്ക് പോകുകയും അത് ശ്രീമതി ജിബി ജോസഫിനെ ഏല്പിക്കുകയും ചെയ്തു. അല്പസമയം കഴിഞ്ഞ് ശ്രീമതി ജിബി ജോസഫ് തിരികെ വന്ന് ആ കോപ്പി ശ്രീമതി പ്രീതി ഫ്രാൻസിസിനെ ഏല്പിക്കുന്നതും അവർ അത് മറ്റു കോപ്പികളോടൊപ്പം വെക്കുന്നതും ദൃശ്യത്തിൽ കാണാം. മൊബൈലിൽ ഫോട്ടോയെടുക്കുന്നതിനുവേണ്ടി ശ്രീമതി പ്രീതി ഫ്രാൻസിസ് ശ്രീമതി ജിബി ജോസഫിനെ ഏല്പിച്ചതാണെന്ന് ഇതിൽനിന്ന് മനസ്സിലാവും. മൂന്ന് അധ്യാപികമാരും അറിഞ്ഞുകൊണ്ടുചെയ്ത ക്രമക്കേടാണ് ഇതെന്ന് വ്യക്തമാണ്.

5. ശ്രമതി മിറാൻഡ ഡേവീസ് മൊബൈലിൽപകർത്തിയ Question paper അവരുടെ വിദ്യാർത്ഥികളുടെ ഗ്രൂപ്പിൽ ഷെയർ ചെയ്തിരിക്കാനാണ് സാധ്യത. എന്നാൽ ചോദ്യങ്ങൾ ചോർന്നതിന് തെളിവില്ലാത്തതുകൊണ്ട് ഉറപ്പിച്ചുപറയാൻ ആവില്ല. എങ്കിലും രണ്ടുമണിക്കൂർ മുമ്പേ ചോദ്യം കൈയിൽ കിട്ടുകയും അവരത് വായിച്ചുനോക്കുകയും ഫോണിൽ പകർത്തുകയും ചെയ്തിട്ടുണ്ട്. അത് ഗുരുതരമായ ക്രമക്കേടാണ്.

6. ശ്രീമതി ജിബി ജോസഫ് തന്റെ വിദ്യാർത്ഥികളുടെ ഗ്രൂപ്പിലേക്ക് ഷെയർ ചെയ്ത ചോദ്യക്കടലാസ് അബദ്ധവശാൽ മറ്റ് ഗ്രൂപ്പിലേക്ക് ഷെയർചെയ്യപ്പെടുകയാണ് ഉണ്ടായത്. അതുകൊണ്ടാണ് ഈ പരീക്ഷാ അഴിമതി പുറത്തറിഞ്ഞത്.

7. രണ്ടുമണിക്കൂർ മുമ്പേ Question paper down load ചെയ്തത്, സ്ട്രോങ്ങ് റൂമിൽ മറ്റുള്ളവരെ പ്രവേശിപ്പിച്ചത്, question paper പ്രിന്റെടുത്ത് ഫോണിൽ ഫോട്ടോയെടുക്കാൻ നൽകിയത് – ഇതെല്ലാം നിയമവിരുദ്ധവും കുറ്റകരവുമാണ്. ഇതൊക്കെ അവിടെ പതിവായി നടക്കുന്ന കാര്യങ്ങളാണെന്ന് അവരുടെ പ്രവൃത്തിയിൽനിന്ന് മനസ്സിലാക്കാൻ സാധിക്കും. സർവകലാശാല പൂർണ വിശ്വാസ ത്തോടെ തന്നിലർപ്പിച്ച ഉത്തരവാദിത്തം മറന്നുകൊണ്ട് താൻ ജോലിചെയ്യുന്ന സ്ഥാപനത്തിനും വഹിക്കുന്ന സ്ഥാനത്തിനും കളങ്കമുണ്ടാക്കുന്ന പ്രവൃത്തിയാണ് പ്രിൻസിപ്പാൾ ഇൻ ചാർജും പരീ ക്ഷാസൂപ്രണ്ടുമായ ശ്രീമതി പ്രീതി ഫ്രാൻസിസ് ചെയ്യുന്നത്. പരീക്ഷകളുടെ വിശ്വാസ്യത തകർക്കുന്ന പ്രവൃത്തിയാണിത്. ശ്രീമതി ജിബി ജോസഫും ഈ കുറ്റകൃത്യത്തിൽ പങ്കാളിയാണ്.

8. സർവകലാശാലയിൽ അന്നു നടന്ന പ്രസ്തുത പരീക്ഷ ക്യാൻസൽ ചെയ്ത് വീണ്ടും പരീക്ഷ നടത്തേണ്ടിവന്നതിലൂടെ വമ്പിച്ച സാമ്പത്തികബാധ്യതയാണ് സർവകലാശാലയ്ക്ക് ഉണ്ടായിട്ടുള്ള ത്.

9. കുറ്റംചെയ്ത അധ്യാപകരിൽനിന്ന് പ്രസ്തുത സംഖ്യ ഈടാക്കുകയും പ്രസ്തുത അധ്യാപി കമാർക്കെതിരെ ശിക്ഷാനടപടി എടുക്കുന്നതിന് മാനേജർക്ക് നിർദേശം നൽകുകയും ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതാണ്.

10. സർവകലാശാലയ്ക്ക് കീഴിലുള്ള എല്ലാ പരീക്ഷാകേന്ദ്രങ്ങളിലും സിസിടിവി ക്യാമറകൾ ഉണ്ട്. ഇടയ്ക്ക് ഈ ദൃശ്യങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം സർവകലാശാല ഉണ്ടാക്ക ണമെന്ന് ഞങ്ങൾ നിർദേശിക്കുന്നു.

ഡോ. ടി. വസുമതി (കൺവീനർ)

ഡോ. കാവുമ്പായി ബാലകൃഷ്ണൻ

4-11-25

## UNIVERSITY OF CALICUT

**(Pareeksha Bhavan)**

No.122973/EG-I-ASST-3/2021/PB Dated.20.06.2025

**NOTIFICATION**

**Ref: U.O.No.1527/2025/PB dated 19.06.2025.**

With reference to the above, it is notified for the information of all concerned that the **examination of the Common Course A14 - Microprocessors: Architecture and Programming (QP Code D 120519) of Fourth Semester (CBCSS-UG) Regular / Supplementary / Improvement Examination April 2025 (2019 Admission onwards) for the candidates of affiliated colleges (including Special Examinations), held on Wednesday, 11.06.2025** stands **cancelled.**

**Re-examination for the aforementioned paper will be conducted as follows :**

| Day & Date | Course with Code | Time of Examination |
|---|---|---|
| **Wednesday**<br>**$25^{th}$ June 2025** | **A14 - Microprocessors: Architecture and Programming** | **1.30 pm to 4.00 pm** |

**There is no change in the Centre of Examination.**

**Dr.Sunoj Kumar P**
**Controller Of Examinations**

To

1.The Principals of all Affiliated Arts & Science Colleges.

2.The Principals of all Arabic Colleges.

3.The Principals of all College of Applied Sciences.

4. All information centres.

5. Co-ordinators CCSIT's.

Copy to: PA to CE / CE's Section / Digital Wing / PRO / EX-III / JR-DR- Concerned **(With a request to inform the candidate appearing for special examination, personally)** / SUVEGA / AR-SSH / SSE (With a request to make necessary arrangements for the conduct of examination) .

സെക്ഷൻ ഓഫീസർ